(എഫ്) 4 വാർഷിക പൊതുയോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ജി) 12-11-1996-ൽ വലവൂർ കാഞ്ഞിരംപാറയിൽ ശ്രീ. കെ. പി. ജോസഫ് തുടങ്ങി 11-ഓളം അംഗങ്ങൾ ചേർന്ന് എഗ്രിമെന്റ് പ്രകാരം തങ്ങളുടെ സ്ഥലം കൂടി ന്യായമായ വിലയ്ക്ക് ഫാക്ടറിക്കാരെക്കൊണ്ട് എടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സംബന്ധിച്ച് അന്വേഷിച്ചതിൽ സ്ഥലം ഉടമകളിൽ നിന്നും സമ്മതപത്രം എഴുതിവാങ്ങിയതിന്റെ യാതൊരു രേഖയും സംഘത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറിക്കുവേണ്ടി വസ്തു വാങ്ങിയതിൽ അഴിമതിയും ക്രമക്കേടും ഉണ്ടെന്നും പാലാഴി ടയേഴ്സ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടത് നിയമവിരുദ്ധമാണെന്നും കാണിച്ച് പരാതി ലഭിച്ചിരുന്നു. പരാതിയിൻമേൽ ജോയിന്റ് രജിസ്ട്രാർ, കോട്ടയം അന്വേഷണം നടത്തി 31-12-1999-ൽ റിപ്പോർട്ട് നൽകിയിരുന്നു. വസ്തു വാങ്ങിയതിൽ ക്രമക്കേടുകൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കീഴ്ത്തടിയൂർ സർവ്വീസ് സഹകരണ ബാങ്ക് 4398-ാം നമ്പർ സഹകരണ ടയർ ഫാക്ടറിയിൽ ഓഹരിയായി നിക്ഷേപിച്ച 10,00,000 രൂപ തിരികെ നൽകാത്തതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ. പി. നം. (4475/00) ഫയൽ ചെയ്യുകയും ടി ഒ. പി. യുടെ വിധിയിൽ ടി വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ 2 മാസത്തിനകം തീർപ്പു കൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 10 ലക്ഷം രൂപ 10 തുല്യ തവണകളായി തിരികെ നൽകണമെന്ന നിർദ്ദേശത്തോടെ 1-7-2000-ൽ സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യം തീർപ്പാക്കിയിരുന്നു. അതിനെതിരെ കീഴ്ത്തടിയൂർ സർവ്വീസ് സഹകരണ ബാങ്ക് സർക്കാരിൽ അപ്പീൽ പെറ്റീഷൻ നൽകിയിരുന്നു. പരാതിക്കാരായ കീഴ്ത്തടിയൂർ ബാങ്കിന്റെ ഷെയർ തിരികെ നൽകുന്നതിനുള്ള വിഷയം ടയർ ഫാക്ടറിയുടെ നിയമാവലിയുടെ നിബന്ധനപ്രകാരം അടുത്ത ജനറൽ ബോഡിയിൽ ഉന്നയിച്ച് അനുമതി വാങ്ങുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 10-12-2003-ൽ ടി അപ്പീൽ പെറ്റീഷൻ തീർപ്പാക്കി.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

83 [1408] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ നിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാമാണ്;

(സി) ഇപ്പോൾ നടപ്പിലാക്കി വരുന്നവയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയും ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇവയിൽ ഓരോന്നിന്റെയും ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. 49 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

2. 50,000 രൂപ വരെയുള്ള കാർഷിക വായ്പയ്ക്ക് പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നപദ്ധതി പ്രകാരം 29-12-2001 മുതൽ 6 മാസത്തേക്ക് പലിശ ഇളവ് ചെയ്ത് നൽകുന്ന പദ്ധതി നടപ്പിലാക്കി.

3. 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ 22-1-2005 വരെയുള്ള ഒരു വർഷക്കാലത്തേക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് മൊറട്ടോറിയവും ടി കാലയളവിലേക്ക് പലിശ, പിഴപ്പലിശ എന്നിവ അംഗങ്ങൾക്ക് ഇളവ് ചെയ്യുകയും ടി തുക സർക്കാർ റീ ഇംപേഴ്സ് ചെയ്തു നൽകുന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

4. സഹകരണ ബാങ്കുകൾ മുഖേന 9381 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. അവർക്ക് ആവശ്യമായ ധനസഹായം നൽകിവരുന്നു.

5. അഗ്രികൾച്ചറൽ പ്രോഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം നടപ്പിലാക്കി.

6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

7. വരൾച്ചാ ദുരിതാശ്വാസമെന്ന നിലയ്ക്ക് ഹ്രസ്വകാലവായ്പകൾ, മദ്ധ്യകാല വായ്പകളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കി.

8. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ സംഘങ്ങൾക്കും മറ്റ് പലവക സംഘങ്ങൾക്കും ഓഹരി മൂലധനവും തിരിച്ചടയ്ക്കേണ്ടതില്ലാത്ത പ്രവർത്തന മൂലധനഗ്രാന്റും അനുവദിക്കുകയുണ്ടായി.

9. സംയോജിത സഹകരണ വികസന പരിപാടിയുടെ 1-ാം ഘട്ടം നടപ്പിലാക്കി.

10. വിപണന സംഘങ്ങൾക്ക് മാർജിൻമണി വായ്പ, ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി മൂലധനം ഇവ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

11. സ്വയം സഹായ ഗ്രൂപ്പുകൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം അനുവദിച്ചു.

12. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് വിവിധ പദ്ധതികളിലായി ധനസഹായം അനുവദിച്ചു.

(ബി) 1. രജിസ്ട്രേഷന് വേണ്ടി അപേക്ഷിച്ചിട്ടുള്ള സംഘങ്ങൾക്ക് നിയമ വിധേയമായി രജിസ്ട്രേഷൻ നൽകുകയുണ്ടായി.

2. 9381 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് ആവശ്യമായ ധനസഹായം നൽകുകയുണ്ടായി.

3. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

4. വരൾച്ചാ ദുരിതാശ്വാസമെന്ന നിലയ്ക്ക് ഹ്രസ്വകാല വായ്പകൾ, മദ്ധ്യകാല വായ്പകളാക്കുന്ന പദ്ധതി നടപ്പിലാക്കി.

5. സംയോജിത സഹകരണ വികസന പരിപാടിയുടെ 1-ാം ഘട്ടം നടപ്പിലാക്കിയത് 2001-ൽ അവസാനിച്ചു.

6. പ്രാഥമിക വായ്പാ സംഘങ്ങൾക്ക് ഓഹരി മൂലധനം അനുവദിച്ചു.

7. സംഘങ്ങളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് ഗ്രാന്റ് അനുവദിച്ചു.

8. 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന പദ്ധതി നടപ്പിലാക്കുകയും, പലിശ ഇളവ് ഇനത്തിൽ അംഗങ്ങൾക്ക് നൽകിയ തുക സംഘങ്ങൾക്ക് റീ ഇംപേഴ്സ് ചെയ്ത് നൽകി.

9. 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ 22-1-2005 വരെയുള്ള ഒരു വർഷക്കാലത്തേക്ക് മൊറട്ടോറിയം അനുവദിക്കുകയും പലിശ ഇളവ് അംഗങ്ങൾക്ക് അനുവദിക്കുകയും ചെയ്തു.

(സി) 1. സഹകരണബാങ്കുകൾ മുഖേന സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് ധനസഹായം നൽകുന്ന പദ്ധതി.

2. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണം.

3. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സംഘങ്ങൾക്ക് ഓഹരി മൂലധനം, പ്രവർത്തന മൂലധനഗ്രാന്റ് ഇവ അനുവദിക്കുന്ന പദ്ധതി.

4. സ്വയം സഹായ സംഘങ്ങൾ നടത്തുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനവിഹിതം.

5. സ്വയം സഹായ സംഘങ്ങൾക്കുള്ള ഗ്രാന്റ്.

6. വിപണന സംഘങ്ങൾക്കുള്ള മാർജിൻമണി വായ്പ ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി മൂലധനം നൽകുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. വിവിധ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേക്ക് പലിശയും പിഴപലിശയും ഇളവ് നൽകുന്ന പദ്ധതി പ്രകാരം 1,74,59,748 രൂപ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

2. കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്നതിന് 24-1-2004 മുതൽ 22-1-2005 വരെയുള്ള മൊറട്ടോറിയം നടപ്പിലാക്കുകയും, പലിശ ഇളവ് അംഗങ്ങൾക്ക് അനുവദിക്കുകയും ചെയ്ത സംഘങ്ങൾക്ക് ടി തുക സംഘങ്ങൾക്കനുവദിച്ച പദ്ധതിപ്രകാരം സംഘങ്ങൾക്ക് നൽകാനുള്ള 11.65 കോടി രൂപയിൽ 1.28 കോടി രൂപ ഇതിനകം വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്.

3. വിവിധ സംഘങ്ങൾമുഖേന രൂപീകരിച്ചിട്ടുള്ള സ്വയം സഹായസംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുന്ന പദ്ധതിപ്രകാരം 2001-2002-ൽ 8 ലക്ഷം രൂപയും 2003-2004-ൽ 2 ലക്ഷം രൂപയും 2004-2005വർഷം 10 ലക്ഷം രൂപയുംനൽകിയിട്ടുണ്ട്. സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രാഥമിക ചിലവുകൾക്കായി 2004-2005 വർഷം 2,21,000 രൂപയും ഗ്രാന്റായി നൽകിയിട്ടുണ്ട്.

4. 2002-2003-ൽ ജില്ലാ സഹകരണ ബാങ്കിൽ ദേശീയ ഗ്രാമീണ വായ്പാ ദീർഘകാല പ്രവർത്തനനിധിയിൽ നിന്നുള്ള ഓഹരി മൂലധനമായി 140 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

5. ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 2003-2004-ൽ 271000 രൂപയും 2004-2005-ൽ 227000 രൂപയും എൻ.ഒ.ഡി.സി. (നോൺ ഓവർ ഡ്യൂ കവർ) ഇനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

6. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം ഇനത്തിൽ 2001-2002-ൽ 8 ലക്ഷം രൂപയും 2003-2004-ൽ 45,43,238 രൂപയും 2004-2005 വർഷം 25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

7. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 89 സഹകരണ സ്ഥാപനങ്ങളിലെ 24288 അംഗങ്ങൾക്കായി 1265.05 ലക്ഷം രൂപ പലിശ ഇളവ് അനുവദിക്കുകയുണ്ടായി. കുടിശ്ശികയിനത്തിൽ 41.57 കോടി രൂപ പിരിച്ചെടുക്കുവാനും കഴിഞ്ഞു.

8. നിക്ഷേപ ഗ്യാരണ്ടി സ്കീമിലെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി 2002-2003-ൽ 25,000 രൂപയും 2003-2004-ൽ 25,000 രൂപയും അനുവദിക്കുകയുണ്ടായി.

9. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിത, പലവക സംഘങ്ങൾക്ക് ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ് എന്നിവ അനുവദിച്ച വകയിൽ 2001-2002 വർഷത്തിൽ 2 സംഘങ്ങൾക്കായി ആകെ ഒരു ലക്ഷം രൂപ ഓഹരി

LIBRARY ARCHIVES Kerala Legislative Assembly

മൂലധനമായും 25,000 രൂപ പ്രവർത്തന മൂലധന ഗ്രാന്റായും അനുവദിച്ചു. 2002-2003-ൽ ഒരു സംഘത്തിന് 25,000 പ്രവർത്തനമൂലധനമായി നൽകി. 2003-2004-ൽ 3 സംഘങ്ങൾക്കായി ആകെ ഒരു ലക്ഷം രൂപ ഓഹരി മൂലധനമായും 75,000 രൂപ പ്രവർത്തനമൂലധന ഗ്രാന്റായും നൽകി. 2004-2005-ൽ 3 സംഘങ്ങൾക്കായി 75,000 രൂപ ഓഹരി മൂലധനമായും 25,000 രൂപ പ്രവർത്തനമൂലധന ഗ്രാന്റായും നൽകി.

10. വരൾച്ചാ ദുരിതാശ്വാസം എന്ന നിലയ്ക്ക് ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റിയ ഇനത്തിൽ 15937 പേർക്ക് 1420.08 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിച്ചു.

11. സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം 2001-2002 വർഷത്തിൽ 2 സംഘങ്ങൾക്കായി 27.84 ലക്ഷം രൂപ ഓഹരിയായും 27.84 ലക്ഷം രൂപ വായ്പയായും നൽകി.

12., ജില്ലയിലെ വിവിധ വിപണന സംഘങ്ങൾക്ക് 2001-2002-ൽ മാർജിൻ മണി വായ്പയായി 1.34 ലക്ഷം രൂപയും ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി തുകയായി 12.50 ലക്ഷം രൂപയും നൽകി. 2002-2003-ൽ യഥാക്രമം 11,22,000 രൂപയും 19,25,000 രൂപയും ഈ ഇനത്തിൽ നൽകി. 2003-2004-ൽ മാർജിൻ മണി വായ്പയിനത്തിൽ 90,00,000 രൂപ നൽകുകയുണ്ടായി. 2004-2005-ൽ ഗോഡൗൺ നിർമ്മാണത്തിന് വായ്പയായി 1,87,500 രൂപയും ഓഹരിയായി 45,000 രൂപയും ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി മൂലധനമായി 11,45,000 രൂപയും നൽകി.

13. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 2000-2001-ൽ ടി.എസ്.പി. പദ്ധതിപ്രകാരം 22,000 രൂപയും 2001-2002-ൽ എസ്. സി. പി. പദ്ധതി പ്രകാരം ഓഹരി മൂലധനമായി 50,000 രൂപയും ടി.എസ്.പി. പദ്ധതിയിൻകീഴിൽ ഓഹരി മൂലധനമായി 50,000 രൂപയും 2003-2004-ൽ സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ഓഹരി മൂലധനമായി 3 ലക്ഷം രൂപയും അനുവദിച്ചു.

2004-2005-ൽ എൻ.സി.ഡി.സി. ഓഹരി മൂലധനമായി 3.88 ലക്ഷം രൂപയും എൻ.സി.ഡി.സി. വായ്പയായി 10.07 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഒരു ലക്ഷം രൂപ സബ്സിഡിയായും വിതരണം ചെയ്തിട്ടുണ്ട്.

(ഇ) കോപ്പികൾ ശേഖരിച്ചുവരുന്നു.

സഹകരണ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും

84 [1409] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly